# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1335 — 08.02.2013 ൽ - മറുപടിക്ക്

### റേഷൻ കടകൾ വഴി ധാന്യങ്ങൾ വിതരണം ചെയ്യാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.സി. രവീന്ദ്രനാഥ് | | **ശ്രീ. അനൂപ് ജേക്കബ്** (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | റേഷൻ കടകൾ വഴി ലഭ്യമായിക്കൊണ്ടിരിക്കുന്ന നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ഇപ്പോൾ വേണ്ടത്ര ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | എങ്കിൽ, വിലക്കയറ്റം തടയുവാനും, പൊതു വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി റേഷൻകടകൾ വഴി എല്ലാ ധാന്യങ്ങളും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ | (ബി) | റേഷൻ കടകൾ വഴി നിലവിൽ ഒരു രൂപ നിരക്കിൽ അരി ബി.പി.എൽ./എ.എ.വൈ വിഭാഗക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. സബ്സിഡിക്ക് അർഹരായ എ.പി.എൽ. വിഭാഗക്കാർക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്തുവരുന്നു. കൂടാതെ, 8.90/- രൂപ നിരക്കിൽ അരിയും 6.70/- രൂപ നിരക്കിൽ ഗോതമ്പും വിതരണം ചെയ്തുവരുന്നു. ഒ.എം.എസ്.എസ്. നിരക്കിൽ ഉയർന്ന ഗുണ നിലവാരമുള്ള അരിയും ഗോതമ്പും റേഷൻകടകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, പ്രത്യേക വിഹിതമായി ബി.പി.ൽ. വിഭാഗത്തിന് വിതരണത്തിനായി 1,32,725 മെ.ടൺ അരിയും 54,211 മെ.ടൺ ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള ബി.പി.എൽ. കാർഡുകാർക്ക് 25 കി.ഗ്രാം അരി 1/- രൂപ നിരക്കിലും 10 കി.ഗ്രാം ഗോതമ്പ് 2/- രൂപ നിരക്കിലും വിതരണം ചെയ്യുന്നതിന് പുറമെ 5 കി.ഗ്രാം അരി 6.20 രൂപ നിരക്കിലും, 2 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും വിതരണം ചെയ്യുകയും ചെയ്യുന്നു. 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ ബി.പി.എൽ. കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബങ്ങൾക്ക് നിലവിൽ ലഭിക്കുന്ന വിഹിതത്തിന് പുറമെ 19.കി.ഗ്രാം അരി 6.20 രൂപ നിരക്കിൽ 6 കി.ഗ്രാം ഗോതമ്പ് 4.70 രൂപ നിരക്കിലും അടുത്ത നാലു മാസങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ